Kerala Lalithakala Akademi
(An Autonomous Organisation of Government of Kerala)
Chembukkavu, Thrissur - 680 020
Telefax : 0487- 2333773, Secretary 0487 - 2339262 E-mail: secretary@lalithkala.org, Website : www.lalithkala.org

150 YEARS OF CELEBRATING THE MAHATMA

മെയ് 30, 2019

**പ്രസ്സ് റിലീസ്**

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കുവാൻ താല്പര്യപ്പെടുന്നു)

# കേരള ലളിതകലാ അക്കാദമി
# ഫെല്ലോഷിപ്പുകൾ
# സംസ്ഥാന ചിത്ര-ശില്പ പുരസ്ക്കാരങ്ങൾ – 2018 -19

ചിത്ര-ശില്പ കലാരംഗത്തെ പ്രശംസനീയ പ്രവർത്തനങ്ങൾക്ക് കേരള ലളിതകലാ അക്കാദമി നൽകുന്ന ഫെല്ലോഷിപ്പുകളും 48-ാമത് സംസ്ഥാന ചിത്ര-ശില്പ പുരസ്കാരങ്ങളും പ്രഖ്യാപിച്ചു.

75,000/- രൂപയും പ്രശസ്തിപത്രവും, ശില്പവും അടങ്ങുന്ന ഫെല്ലോഷിപ്പ് പ്രശസ്ത ശില്പി കെ.എസ്. രാധാകൃഷ്ണനും ചിത്രകാരനും കലാനിരൂപകനുമായ കെ.കെ. മാരാർക്കും ലഭിച്ചു.

ഈ വർഷം കേരള ലളിതകലാ അക്കാദമിയുടെ സംസ്ഥാന ചിത്ര-ശില്പ കലാപ്രദർശനത്തിൽ പങ്കെടുക്കുവാനും മത്സരത്തിനുമായി പെയ്ന്റിങ്, ശില്പം എന്നീ വിഭാഗങ്ങളിൽ നിന്ന് അപേക്ഷിച്ച 383 കലാകാരീകലാകാരന്മാരിൽ നിന്ന് പ്രാഥമിക മൂല്യ നിർണ്ണയത്തിൽ സംസ്ഥാന പ്രദർശനത്തിന് തിരഞ്ഞെടുക്കപ്പെട്ടത് 122 പേരുടെ കലാസൃഷ്ടികളാണ്. ഇതിൽ 134 കലാസൃഷ്ടികളാണ് പുരസ്ക്കാരങ്ങൾക്കായി സമർപ്പിക്കപ്പെട്ടത്. ചിത്ര-ശില്പ വിഭാഗത്തിൽ 50,000/- രൂപയും പ്രശസ്തി പത്രവും മൊമന്റോയും അടങ്ങുന്ന അഞ്ച് സംസ്ഥാന അവാർഡുകളും (State Award), 25,000/- രൂപയും പ്രശസ്തി പത്രവും അടങ്ങുന്ന അഞ്ച് ഓണറബിൾ മെൻഷൻ (Honourable Mention) അവാർഡുകളും, കലാവിദ്യാർത്ഥികൾക്ക് 10,000/- രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന അഞ്ച് സ്പെഷ്യൽ മെൻഷൻ (Special Mention) അവാർഡുകളുമാണ് നൽകുന്നത്. കൂടാതെ മികച്ച ഛായാചിത്രത്തിന് ശങ്കര മേനോൻ എൻഡോവ്മെന്റ് സ്വർണ്ണമെഡലും മികച്ച ഭൂഭാഗചിത്രത്തിന് വിജയരാഘവൻ എൻഡോവ്മെന്റ് സ്വർണ്ണമെഡലും നൽകുന്നു.

വിധിനിർണ്ണയം രണ്ടുതലത്തിലാണ് നടന്നിട്ടുള്ളത്.

## പ്രാഥമിക തെരഞ്ഞെടുപ്പിലെ വിധി കർത്താക്കൾ

അനിത ദുബെ, പളനിയപ്പൻ, ജോസഫ് എം. വർഗ്ഗീസ്

## പുരസ്കാര വിധി കർത്താക്കൾ

എസ്.ജി. വാസുദേവ്, കെ.എസ്. രാധാകൃഷ്ണൻ, സുരേന്ദ്രൻ നായർ

## I സംസ്ഥാന പുരസ്കാരം (State Award)

50,000/- രൂപയും ബഹുമതി പത്രവും മൊമന്റോയും താഴെപ്പറയുന്ന അഞ്ച് കലാകാരി കലാകാരന്മാർക്ക് ലഭിച്ചു.

| | | | |
|---|---|---|---|
| **അഹല്യ എ.എസ്.** | (ചിത്രം) | : | ലാന്റ്സ്കേപ്പ് |
| **ചിത്ര ഇ.ജി.** | (ശില്പം) | : | ഇന്റിമേറ്റ് ഡിബേറ്റേഴ്സ് |
| **ജലജ പി.എസ്.** | (ചിത്രം) | : | 101 ഇൻസ്പെയറിംഗ് സ്പീച്ചസ് ഫോർ ഇന്ത്യൻസ് (യു കാന്റ് അഫോർഡ് ടു മിസ്) ട്രിപ്റ്റിച്ച് |
| **ജയേഷ് കെ.കെ.** | (വുഡ്കട്ട്) | : | അൺഐഡന്റിഫൈഡ് ഇൻവേഷൻസ് |
| **വിനോദ് അമ്പലത്തറ** | (ചിത്രം) | : | കാസർഗോഡ്-ലാന്റ്സ്കേപ്പ് |

## II ഓണറബിൾ മെൻഷൻ പുരസ്ക്കാരം (Honourable Mention)

25,000/- രൂപയും ബഹുമതിപത്രവും താഴെപ്പറയുന്ന അഞ്ച് കലാകാരികലാകാരന്മാർക്ക് ലഭിച്ചു.

| | | | |
|---|---|---|---|
| **ടി.എസ്. പ്രസാദ്** | (ചിത്രം) | : | എറൗണ്ട് മി |
| **രഞ്ജിത് ഐ.പി.** | (ശില്പം) | : | സ്റ്റക്ക് |
| **സചീന്ദ്രൻ കെ.** | (ചിത്രം) | : | ശീർഷകമില്ല |
| **സജീഷ് പി.എ.** | (ചിത്രം) | : | ഇൻഫിനിറ്റി ഔട്ട് ഓഫ് എക്സിസ്റ്റൻസ് |
| **സിബിന എൻ.എം.** | (ചിത്രം) | : | അൺസങ് മെലഡീസ് |

## III കലാവിദ്യാർത്ഥികൾക്കുള്ള പ്രത്യേക പുരസ്ക്കാരം (Special Mention)

10,000/- രൂപയും ബഹുമതി പത്രവും വിവിധ കലാലയങ്ങളിൽ നിന്നുള്ള അഞ്ച് വിദ്യാർത്ഥികൾക്ക് ലഭിച്ചു.

| | | | |
|---|---|---|---|
| **അശ്വതി ടി.എസ്.** | (ചിത്രം) | : | നിമോണിക്സ് II (ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി, കാലടി) |
| **ആതിര കെ. അനു** | (ചിത്രം) | : | ശീർഷകമില്ല (എസ് എൻ സ്കൂൾ ആർട്ട് & കമ്മ്യൂണിക്കേഷൻ, യൂണിവേഴ്സിറ്റി ഓഫ് ഹൈദ്രാബാദ്) |
| **ശ്രീലക്ഷ്മി കെ.എസ്.** | (ചിത്രം) | : | റിഫ്രെഷ്നസ് ഓഫ് ക്യാക്റ്റസ് (രാജാ രവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ്, മാവേലിക്കര) |
| **സുധീഷ് വി.** | (ശില്പം) | : | ശീർഷകമില്ല (ഗവ. കോളേജ് ഓഫ് ഫൈൻ ആർട്സ്, തൃശ്ശൂർ) |
| **വിഷ്ണു കെ.പി.** | (ശില്പം) | : | ലൈറ്റ് ഓഫ് ഡിവിനിറ്റി (ഗവ. കോളേജ് ഓഫ് ഫൈൻ ആർട്സ്, തൃശ്ശൂർ) |

## IV വി. ശങ്കരമേനോൻ എൻഡോവ്മെന്റ് സ്വർണ്ണ മെഡൽ

മികച്ച ഭൂഭാഗ/ഛായാ ചിത്രം വിഭാഗത്തിനുള്ള പുരസ്കാരം നേടിയിരിക്കുന്നത് **അബിരാഗ് എസ്.** രചിച്ച **'ദ അനദർ ഡൈമെൻഷൻ-3'** എന്ന ചിത്രമാണ്.

## V 'വിജയരാഘവൻ എൻഡോവ്മെന്റ് സ്വർണ്ണ മെഡൽ'

മികച്ച പ്രകൃതിദൃശ്യ ചിത്രത്തിനുള്ള **ധ്രുവരാജ് എൻ.വി.** രചിച്ച **'ശീർഷകമില്ല-1'** എന്ന ജലച്ഛായ ചിത്രത്തിന് ലഭിച്ചു.

# ഫെല്ലോഷിപ്പുകൾ

### കെ.എസ്. രാധാകൃഷ്ണൻ

1956ൽ കോട്ടയം ജില്ലയിൽ ജനനം. 1973–74 കാലയളവിൽ കലാപരിശീലനത്തിനായി വിശ്വഭാരതി യൂണിവേഴ്സിറ്റിയിൽ എത്തിച്ചേരുകയും വിഖ്യാത ഇന്ത്യൻ ശില്പി രാംകിങ്കർ ബെയ്ജിന്റെ ശിഷ്യനായി മാറുകയും ചെയ്തു. കലാപഠനം ശാന്തിനികേതനിൽ നിന്ന് പൂർത്തിയാക്കിയ അദ്ദേഹം ശില്പത്തിൽ ധാരാളം മാദ്ധ്യമങ്ങൾ പരീക്ഷിക്കുന്നുണ്ടെങ്കിലും മിക്കവാറും ശില്പങ്ങൾ വെങ്കലത്തിലും പ്ലാസ്റ്റർ ഓഫ് പാരീസിലുമാണ് ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ ശില്പങ്ങൾ പലപ്പോഴും രൂപപ്പെടുന്നത് ശിവൻ, കാളി, രാധ തുടങ്ങിയ പുരാണ കഥാപാത്രങ്ങളുടെ നൃത്തരൂപങ്ങളിൽ നിന്നും മറ്റുമാണ്. ധാരാളം മനുഷ്യരൂപങ്ങൾ ഉള്ള അദ്ദേഹത്തിന്റെ ശില്പനിർമ്മാണ രീതി തന്നെ ഒരു കലാപ്രക്രിയയാണെന്ന് പറയാം. കെ.എസ്. രാധാകൃഷ്ണൻ തന്റെ കലാപ്രവർത്തനത്തിന്റെ ആരംഭത്തിൽ തന്നെ ലളിത കലാ അക്കാദമി, ബിർലാ അക്കാദമി എന്നിവിടങ്ങളിൽ പ്രദർശനങ്ങൾക്കായി ക്ഷണിക്കപ്പെട്ടിട്ടുള്ള വ്യക്തിത്വമാണ്. ഇന്ത്യയിലും വിദേശത്തുമായി അൻപതിലേറെ ഏകാംഗപ്രദർശനങ്ങൾ ഇതിനോടകം അദ്ദേഹം ചെയ്തിട്ടുണ്ട്. പൊതുയിടങ്ങളിലും ഒട്ടേറെ ശില്പങ്ങൾ കെ.എസ്. രാധാകൃഷ്ണന്റേതായിട്ടുണ്ട്. കേരള ഗവൺമെന്റിന്റെ കെ.സി.എസ്. പണിക്കർ പുരസ്കാരത്തിന് 2011ൽ അർഹനായി.

### കെ.കെ. മാരാർ

ചിത്രകാരൻ, കലാഗവേഷകൻ, ഗ്രന്ഥകാരൻ, പ്രഭാഷകൻ, ഫോട്ടോഗ്രാഫർ എന്നീ നിലകളിൽ പ്രശസ്തൻ. അമ്പത് വർഷമായി ചിത്രകലാ രംഗത്ത് സജീവ സാന്നിധ്യം. കേരള ലളിതകലാ അക്കാദമി സംസ്ഥാന പ്രദർശനങ്ങളടക്കം അനേകം സംസ്ഥാന ദേശീയ പ്രദർശനങ്ങളിലും വിദേശങ്ങളിലും ചിത്രങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട്. ചിത്രകലയേയും സമാന്തര കലാവിഷയങ്ങളേയും സംബന്ധിച്ച് ഇരുന്നൂറിലേറെ ലേഖനങ്ങൾ ഇദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിച്ചു. കേരള ലളിതകലാ അക്കാദമിയുടെ സംസ്ഥാന അവാർഡ് 2 തവണ ലഭിച്ചിട്ടുണ്ട്. കേന്ദ്ര ലളിതകലാ അക്കാദമിയുടെ ദേശീയ ക്യാമ്പ്, കേരള ഗോവ അക്കാദമിയുടെ ഇന്റർസ്റ്റേറ്റ് ചിത്രകലാ ക്യാമ്പ്, തമിഴ്നാട് അക്കാദമിയുടെ ദേശീയ ക്യാമ്പ് തുടങ്ങി അനേകം ചിത്രകലാ ക്യാമ്പുകളിൽ ക്ഷണിതാവായി പങ്കാളിത്തം. ഉത്തരകേരളത്തിലെ ഗ്രാമങ്ങളിലടക്കം മൂവായിരത്തിലേറെ വേദികളിൽ കലാസംബന്ധിയായ പ്രഭാഷണങ്ങളും ഡെമോൺസ്ട്രേഷൻസും നടത്തിയ കെ.കെ. മാരാർ സഹസ്രാബ്ദത്തിന്റെ പഴക്കമുള്ള മൂന്ന് ചുമർ ചിത്രകേന്ദ്രങ്ങളടക്കം ഉത്തര കേരളത്തിലെ നാൽപ്പതിലേറെ പ്രാചീന ചുമർചിത്ര കേന്ദ്രങ്ങൾ കണ്ടെത്തുകയും അവയെ ഡോക്യുമെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. നിരവധി ദേശീയ അന്തർദേശീയ സെമിനാർ വേദികളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള സർക്കാരിന്റെ രാജാ രവിവർമ്മ പുരസ്കാര ജൂറി സ്ഥാനം അടക്കം ചിത്ര-ഫോട്ടോഗ്രാഫി വിഷയങ്ങളിൽ ഒട്ടനവധി തവണ വിധികർത്താവായി. കേന്ദ്രഗവൺമെന്റിന്റെ സീനിയർ റിസർച്ച് ഫെല്ലോഷിപ്പ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ കെ.കെ. മാരാറിനെ തേടിയെത്തി.

ഗുരുവായൂർ ചുമർചിത്രപഠനകേന്ദ്രം ഉപദേശകസമിതി അംഗം, കേരള സ്ക്കൂൾ ഓഫ് ആർട്സ് (തലശ്ശേരി) പ്രസിഡന്റ് തുടങ്ങി കലാമേഖലയിൽ വിവിധ സ്ഥാനങ്ങൾ വഹിക്കുന്നതിനൊപ്പം കേരള സാംസ്കാരിക വകുപ്പിന്റെ വാസ്തു വിദ്യാഗുരുകുലം (ആറന്മുള) കലാവിഭാഗം ഗസ്റ്റ് അദ്ധ്യാപകനായും പ്രവർത്തിച്ചു വരുന്നു.

# മുഖ്യ അവാർഡുകൾ നേടിയ കലാകാരീകലാകാരന്മാർ



## അഹല്യ എ.എസ്.

തിരുവനന്തപുരം സ്വദേശിനിയായ അഹല്യ പെയിന്റിങ്ങിൽ ബിരുദധാരിണിയാണ്. നിരവധി പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുള്ള അഹല്യ 2016ലെ അക്കാദമിയുടെ വാർഷിക പ്രദർശനം കൂടാതെ 2015ലെ മാവേലിക്കര രാജാരവിവർമ്മ കോളേജ് ഓഫ് ഫൈൻ ആർട്സ് വാർഷിക പ്രദർശനം, 'റൂട്ടഡ് എക്സിബിഷൻ-2016'- ദർബാർ ഹാൾ കലാകേന്ദ്രം എറണാകുളം, മട്ടാഞ്ചേരിയിലെ ബി.സി. ഗ്യാലറി സംഘടിപ്പിച്ച 'വിവാഷ്യസ് എക്സിബിഷൻ-2017' എക്സിബിഷൻ, ഒനിക്സ് ആർട്ട് ഗ്യാലറിയിൽ നടന്ന 'റൈസിങ്ങ് പാലറ്റ്സ് എക്സിബിഷൻ-2017' എന്നിവ കൂടാതെ പ്രശസ്ത കലാനിരൂപകൻ ചന്ദ്രൻ ടി.വി. ക്യൂറേറ്റ് ചെയ്ത 'റീ ബൗണ്ട്സ് എക്സിബിഷൻ-2018' - ശംഖുമുഖം മ്യൂസിയം തിരുവനന്തപരും തുടങ്ങിയ പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി നൽകുന്ന കെ. കരുണാകരൻ സ്കോളർഷിപ്പ് ലഭിച്ചിട്ടുള്ള അഹല്യ ഇപ്പോൾ എം വി എയ്ക്ക് പഠിക്കുന്നു.

## ചിത്ര ഇ.ജി.

ശില്പകലയിൽ ബിരുദാനന്തരബിരുദം ലഭിച്ചിട്ടുള്ള ചിത്ര എറണാകുളം സ്വദേശിനിയാണ്. 2011ൽ കേരള ലളിതകലാ അക്കാദമിയുടെ ഓണറബിൾമെൻഷൻ പുരസ്കാരം ലഭിച്ചിട്ടുണ്ട്. 2014ലെ കൊച്ചി മുസിരിസ് ബിനാലെയിൽ പെപ്പർ ഹൗസ് റസിഡൻസിയിൽ പങ്കെടുത്തിട്ടുള്ള ചിത്രയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ യങ് ആർട്ടിസ്റ്റുകൾക്കുള്ള സ്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. ധാരാളം പെർഫോമൻസുകൾ ചെയ്തിട്ടുള്ള ചിത്ര രാജ്യത്ത് നിരവധി നഗരങ്ങളിൽ പ്രദർശനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. സജീവമായി കലാപ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ചിത്ര, പാലക്കാട് അഹല്യ ഹെറിറ്റേജ് വില്ലേജ് സംഘടിപ്പിച്ച ശില്പക്യാമ്പുകളിലും കേരള ലളിതകലാ അക്കാദമി സംഘടിപ്പിച്ച നിരവധി ചിത്ര-ശില്പ ക്യാമ്പുകളിലും പങ്കെടുത്തിട്ടുണ്ട്.

## ജലജ പി.എസ്.

പെരുമ്പാവൂർ സ്വദേശിനിയായ പി.എസ്. ജലജ കലാപഠനം പൂർത്തിയാക്കിയത് തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നിന്നാണ്. 2014ലും 2016ലും സോളോ എക്സിബിഷനുകൾ നടത്തിയിട്ടുള്ള ജലജ നിരവധി ഗ്രൂപ്പ് പ്രദർശനങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. 2010 മുതൽ 2016 വരെ ഇറ്റലി, ചെക്ക് റിപ്പബ്ലിക്ക്, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ ബിനാലെകളിൽ പങ്കെടുത്തിട്ടുള്ള ജലജ 2012ലെ കൊച്ചി മുസിരിസ് ബിനാലെയിൽ പങ്കെടുത്തിട്ടുണ്ട്. കേരള ലളിതകലാ അക്കാദമി സംസ്ഥാന പുരസ്കാരമടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുള്ള അവർ ദേശീയ-സംസ്ഥാനതലങ്ങളിലുള്ള നിരവധി കലാക്യാമ്പുകളിൽ പങ്കെടുത്തിട്ടുണ്ട്.

## ജയേഷ് കെ.കെ.

1990ൽ കേഴിക്കോടാണ് ജയേഷിന്റെ ജനനം. ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബി എഫ് എ ലഭിച്ചിട്ടുള്ള അദ്ദേഹത്തിന് 2015ൽ ആർ എൽ വി കോളേജിൽ നിന്ന് എം എഫ് എ ലഭിച്ചിട്ടുണ്ട്. ശാന്തിനികേതനിൽ നിന്ന് പ്രിന്റ് മേക്കിങ്ങിൽ ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയിട്ടുള്ള അദ്ദേഹത്തിന് കേരള ലളിതകലാ അക്കാദമിയുടെ സംസ്ഥാന പുരസ്കാരം, ആർട്ട് മാസ്ട്രോ സ്പെഷ്യൽ ജൂറി പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എക്സിബിഷനുകൾ സംഘടിപ്പിച്ചിട്ടുള്ള ജയേഷ് 57-ാമത് കേന്ദ്ര ലളിത് കലാ അക്കാദമിയുടെ ദേശീയ കലാപ്രദർശനത്തിൽ പങ്കെടുത്തിട്ടുണ്ട്.

## വിനോദ് അമ്പലത്തറ

കാസർഗോഡ് സ്വദേശിയായ വിനോദ് അമ്പലത്തറയുടെ ജനനം 1975ൽ ആണ്. 2016ൽ കേരള ലളിത കലാ അക്കാദമിയുടെ ഓണറബിൾ മെൻഷൻ പുരസ്കാരം ലഭിച്ചിട്ടുള്ള അദ്ദേഹം സംസ്ഥാനത്തിന്റെ വിവിധ നഗരങ്ങളിൽ ഗ്രൂപ്പ്-ഏകാംഗപ്രദർശനങ്ങൾ നടത്തിയിട്ടുണ്ട്. 2012ൽ ഷാർജയിൽ ഏകാംഗ പ്രദർശനം നടത്തിയിട്ടുണ്ട്. കേരള ലളിതകലാ അക്കാദമിയുടേതടക്കം നിരവധി കലാക്യാമ്പുകളിൽ പങ്കെടുത്തിട്ടുള്ള വിനോദ് കാസർഗോഡ് കേന്ദ്രീകരിച്ച് കലാ പ്രവർത്തനങ്ങളിൽ സജീവമാണ്.

**നേമം പുഷ്പരാജ്**
ചെയർമാൻ

**പൊന്ന്യം ചന്ദ്രൻ**
സെക്രട്ടറി